# രാജ്യത്തെ രാഷ്ട്രീയപ്പാർട്ടികൾ ആത്മപരിശോധന നടത്തേണ്ട സമയം ആയിരിക്കുന്നു

കഴിഞ്ഞ ലോകസഭാതിരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയത്തിലൂടെയാണ് ശ്രീ. നരേന്ദ്രമോദി ഇന്ത്യയുടെ പ്രധാനമന്ത്രിയായത്. ഈ വിജയം എൻ.ഡി.എ.യ്ക്കും ബി.ജെ.പി.ക്ക് പ്രത്യേകിച്ചും, അഭിമാനിക്കത്തക്കതും ആയിരുന്നു. യഥാർത്ഥത്തിൽ, ഇതിനെ ജനങ്ങളുടെ വിജയമെന്നും അന്ന് പറഞ്ഞിരുന്നു. സ്വന്തം ശൈലിയിലൂടെ ഗുജറാത്തിൽ ഭരണപാടവം തെളിയിച്ച മോദി എന്ന നേതാവിന്, ഇന്ത്യയെ സ്നേഹിക്കുന്ന ജനങ്ങൾ നല്കിയ അംഗീകാരവുമായിരുന്നു അത്. അതുകൊണ്ടുതന്നെ, മോദി പ്രധാനമന്ത്രിയായുള്ള പുതിയ ഗവണ്മെന്റിനെ അധികാരത്തിലേറ്റിയ ജനങ്ങൾക്ക് ഏറെ പ്രതീക്ഷകളുണ്ടായിരുന്നു. എല്ലാവിഭാഗം ജനങ്ങളോടും സമഭാവനയോടുകൂടിയതും, അഴിമതിരഹിതവും വികസനവീക്ഷണമുള്ളതുമായ ഭരണമാണ് പ്രതീക്ഷിച്ചിരുന്നത്. നമ്മുടെ രാജ്യത്തിന്റെ പാരമ്പര്യവും സംസ്കാരവും മതേതരത്വവും സാമൂഹികനീതിയും സംരക്ഷിക്കപ്പെടുമെന്നും പ്രതീക്ഷിച്ചിരുന്നു. എന്നാൽ ജനങ്ങളുടെ ഈ പ്രതീക്ഷകൾ എവിടെ എത്തിനില്ക്കുന്നു എന്ന കാര്യം ഗൗരവമായി വിലയിരുത്തപ്പെടേണ്ട ഒരു കാലഘട്ടത്തിലേക്ക് നമ്മെ എത്തിച്ചിരിക്കുകയാണ്.

രണ്ടാം യു.പി.എ.സർക്കാരിന്റെ അഴിമതി, സ്വജനപക്ഷപാതം, കെടുകാര്യസ്ഥത, നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം തുടങ്ങിയ ജനവിരുദ്ധനയങ്ങളാണ് കോൺഗ്രസ്സിന് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ തിരിച്ചടി ആയത്. ആ തിരഞ്ഞെടുപ്പിൽ ശക്തനായ ഒരു നേതാവിനെ ഉയർത്തിക്കാട്ടുവാനും കോൺഗ്രസ്സിന് കഴിഞ്ഞില്ല എന്നതാണ് അവരുടെ പരാജയത്തിനുള്ള മറ്റൊരു കാരണം.

എന്നാൽ ബി.ജെ.പി.ക്ക് ആവട്ടെ, നരേന്ദ്രമോദിയെ കരുത്തുതെളിയിച്ച വികസനനായകൻ എന്ന പേരിൽ പ്രധാനമന്ത്രിസ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടുവാൻ കഴിഞ്ഞു. ജനം അത് ഉൾക്കൊണ്ടതിനെ തുടർന്നാണ് ബി.ജെ.പി.യുടെ വൻവിജയത്തിന് വഴി തെളിഞ്ഞത്. ഈ വിജയത്തിനു പിന്നിൽ ജാതിയുടെയോ, മതത്തിന്റെയോ, രാഷ്ട്രീയത്തിന്റെയോ മാത്രം സ്വാധീനമാണെന്ന് ആർക്കും പറയാനാവില്ല.

രാജ്യത്ത് ജനാധിപത്യവും മതേതരത്വവും എല്ലാ വിഭാഗങ്ങൾക്കും തുല്യനീതിയും ഉറപ്പുവരുത്തുവാൻ ആ മൂല്യങ്ങളിൽ അടിയുറച്ചുപ്രവർത്തിക്കുന്ന ഒരു ഭരണകൂടത്തിനു മാത്രമേ കഴിയൂ. അതിനെ നിയന്ത്രിക്കുന്ന ചാലകശക്തികൾ രാഷ്ട്രീയപ്രസ്ഥാനങ്ങളായിരിക്കണം. നമ്മുടെ രാജ്യത്ത് നിലവിലുള്ള ദേശീയപാർട്ടികളാകട്ടെ, പ്രാദേശികപാർട്ടികളാകട്ടെ ഈ അടിസ്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ അവരവരുടേതായ പങ്ക് നിർവഹിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. എന്നാൽ അതിനു പകരം, രാജ്യതാൽപര്യം കണക്കിലെടുക്കാതെ, അധികാരത്തിനുവേണ്ടിയും സ്വന്തം താൽപര്യസംരക്ഷണത്തിനുവേണ്ടിയും ഉള്ള നിലപാടുകൾ രാഷ്ട്രീയപ്പാർട്ടികൾ സ്വീകരിക്കുന്നതല്ലേ ഇപ്പോൾ രാജ്യത്തെ അപകടത്തിലെത്തിച്ചുകൊണ്ടിരിക്കുന്നത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഈ രീതിയിലാണ് കാര്യങ്ങൾ മുമ്പോട്ടുപോകുന്നതെങ്കിൽ, അത് നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെതന്നെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല.

മതേതരത്വവും ജനാധിപത്യവും എല്ലാ ജനങ്ങൾക്കും തുല്യനീതിയും ഉറപ്പുവരുത്തണമെങ്കിൽ ദേശീയതലത്തിലാകട്ടെ, പ്രാദേശികതലത്തിലാവട്ടെ രാഷ്ട്രീയപ്പാർട്ടികൾക്ക് ഭരണ-പ്രതിപക്ഷബഹുമാനം നിലനിർത്തിക്കൊണ്ടുള്ള സമീപനം ആണ് ആവശ്യം.

ആരു ഭരിച്ചാലും ജാതി-മതവിഭാഗീയത രാജ്യഭരണത്തിൽ ഉണ്ടാവാൻ പാടില്ല. ഭരണം നിലനിർത്തുവാനോ ഭരണം ഇല്ലാതാക്കുവാനോ ഏതു ഹീനമാർഗ്ഗവും സ്വീകരിക്കുന്ന നയം ആരുടെ ഭാഗത്തുനിന്നും ഉണ്ടാകാനും പാടില്ല. അങ്ങനെയുള്ളൊരു പ്രവർത്തനത്തിനാണ് രാഷ്ട്രീയപ്പാർട്ടികൾ ഭരണ-പ്രതിപക്ഷവ്യത്യാസമില്ലാതെ ശ്രമിക്കേണ്ടത്.